(ബി) മിക്കവാറും എല്ലാ പ്രധാനപ്പെട്ട ശുദ്ധജല വിതരണ പദ്ധതികളുടെ ശുദ്ധീകരണശാലകളോടനുബന്ധിച്ച് ജലത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനുള്ള ലബോറട്ടറികൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലബോറട്ടറികളിൽ ദിവസവും നടത്തേണ്ട പ്രാഥമിക ഗുണനിലവാരം നിർണ്ണയ ടെസ്റ്റുകൾ (പി.എച്ച് ടർബിഡിറ്റി, റസിഡൻഷ്യൽ ക്ലോറിൻ മുതലായവ) നടത്തി വരുന്നു. എന്നാൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളിൽ മേൽപ്പറഞ്ഞ ലബോറട്ടറി സൗകര്യങ്ങൾ നിലവിലില്ല. ഇത്തരം പദ്ധതികളിലെ വെള്ളത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കുവാൻ ഫീൽഡ് ടെസ്റ്റുകിറ്റുകൾ ഉപയോഗിക്കുന്നു.

(സി) കേരള വാട്ടർ അതോറിറ്റി അതിന്റെ എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നത് കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് ആക്ട്, 1986 പ്രകാരമാണ്. പ്രസ്തുത ആക്ടിൽ ഉപഭോക്തൃ സംരക്ഷണത്തെപ്പറ്റി പ്രതിപാദിക്കുന്നില്ല. എന്നാൽ ഉപഭോക്തൃ സംരക്ഷണനിയമത്തിൽ ഇതിനുവേണ്ട വ്യവസ്ഥകൾ ഉൾക്കൊള്ളുന്നുണ്ട്.

(ഡി) ഉണ്ട്. ജലവിതരണ സംഭരണികളിൽ ചെളി അടിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ അവ വൃത്തിയാക്കാറുണ്ട്.

(ഇ) കേരള വാട്ടർ അതോറിറ്റി അതിന്റെ എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നത് കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് ആക്ട് 1986 പ്രകാരമാണ്. പ്രസ്തുത ആക്ടിൽ ഉപഭോക്തൃ സംരക്ഷണത്തെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. എന്നാൽ ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ ഇതിനുവേണ്ട വ്യവസ്ഥകൾ ഉണ്ട്.

ജലയാന പഠന ദേശീയോദ്ഗ്രഥന യാത്ര

7 (*337) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയോദ്ഗ്രഥനം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടിപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമ ബോർഡ് ജലയാന പഠനദേശീയോദ്ഗ്രഥനയാത്ര സംഘടിപ്പിക്കുകയുണ്ടായോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ജലയാനപഠന ദേശീയോദ്ഗ്രഥനയാത്രയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ദേശീയോദ്ഗ്രഥന പഠനയാത്രയിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് പങ്കെടുത്തതെന്ന് വെളിപ്പെടുത്തുമോ ;

(ജി) ദേശീയോദ്ഗ്രഥന പഠനയാത്രയിൽ മറ്റു സംസ്ഥാനങ്ങളിലെ പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) യുവജനക്ഷേമബോർഡിന്റെ മേൽനോട്ടത്തിൽ സംഘടിപ്പിച്ച ജലയാന ദേശീയോദ്ഗ്രഥന പഠനയാത്രയുടെ മാതൃകയിൽ, മറ്റേതെങ്കിലും സംസ്ഥാനത്ത് പഠനയാത്ര സംഘടിപ്പിച്ചതായി അറിവുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഐ) സംസ്ഥാനത്ത് ദേശീയോദ്ഗ്രഥന ക്യാമ്പുകളും ജലയാനപഠന യാത്രകളും സംഘടിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജെ) സംസ്ഥാനത്ത് കൂടുതൽ ജലയാനപഠന ദേശീയോദ്ഗ്രഥനയാത്രകളും, ക്യാമ്പുകളും സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ)

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ദേശീയോദ്ഗ്രഥനം മുൻനിർത്തി, താഴെ പറയുന്നവിധം ക്യാമ്പുകൾ നടത്തിയിട്ടുണ്ട്.

1. 1996-ൽ തിരുവനന്തപുരത്തെ വെള്ളായണി കാർഷിക കോളേജിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട യുവതീ യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് 7 ദിവസം നീണ്ടു നിന്ന ഒരു ക്യാമ്പ്.
2. 1997-ൽ എറണാകുളം യൂത്ത് ഹോസ്റ്റലിൽവച്ച് വിവിധ സംസ്ഥാനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 70 യുവതീ യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു ക്യാമ്പ്.
3. 1999-ൽ തൃശ്ശൂരിലെ കലാമണ്ഡലത്തിൽ വച്ച് ഒരു ദേശീയോദ്ഗ്രഥന ക്യാമ്പ്.

(സി) സംഘടിപ്പിക്കുകയുണ്ടായി.

(ഡി) യുവജനക്ഷേമബോർഡ് ഇദംപ്രഥമമായി ഒരു ജലയാനപഠന ദേശീയോദ്ഗ്രഥനക്യാമ്പ് 1999 നവംബർ 14 മുതൽ 17 വരെ തീയതികളിൽ സംഘടിപ്പിക്കുകയുണ്ടായി. കൊല്ലം അഷ്ടമുടിക്കായലിൽ നിന്നാരംഭിച്ച ജലയാനയാത്ര എറണാകുളത്ത് മട്ടാഞ്ചേരി തുറമുഖത്താണ് സമാപിച്ചത്. വിവിധ സംസ്ഥാനങ്ങളിലെ അറുപതോളം യുവതീയുവാക്കൾ പങ്കെടുത്ത ഈ ക്യാമ്പ്, "അഖണ്ഡതക്കായി തുഴയാം" എന്ന നാമധേയത്തിലാണ് അറിയപ്പെട്ടത്.

(ഇ) വിഭിന്ന സംസ്ക്കാരത്തിൽ ജീവിക്കുന്ന ഭാരതീയർ, വിഭിന്നരല്ലെന്ന് മനസ്സിലാക്കുകയും, രാഷ്ട്രത്തിന്റെ അഖണ്ഡതയും ദേശീയതയും ഉറപ്പിക്കുക എന്നതാണ് ഈ ക്യാമ്പിന്റെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കേരളം കൂടാതെ, ഹിമാചൽപ്രദേശ്, ജമ്മുകാശ്മീർ, ത്രിപുര, രാജസ്ഥാൻ, പഞ്ചാബ്, ഡൽഹി, തമിഴ്നാട്, മധ്യപ്രദേശ്, ബംഗാൾ, മണിപ്പൂർ, ഒറീസ്സ, മിസ്സോറം, മഹാരാഷ്ട്ര, ആസ്സാം എന്നീ സംസ്ഥാനങ്ങളിലെ പ്രതിനിധികളാണ് യാത്രയിൽ പങ്കെടുത്തത്.

(ജി) ഓരോ സംസ്ഥാനത്തുനിന്നും, ബിരുദവും, എക്കോടൂറിസം, ടൂറിസം, ജേർണലിസം എന്നിവയിൽ അഭിരുചിയും, അഭികാമ്യവുമുള്ള ഒരു യുവാവിനേയും, ഒരു യുവതിയേയുമാണ് തിരഞ്ഞെടുക്കാൻ നിർദ്ദേശിച്ചിരുന്നത്.

(എച്ച്) അറിവില്ല.

(ഐ) പ്രോജക്റ്റുകൾ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകാറുണ്ട്.

(ജെ) സ്വീകരിക്കുന്നതാണ്.

വൈദ്യുതി ബോർഡിന്റെ കടം

8 (*338) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-12-1999-ലെ കണക്കനുസരിച്ച് സംസ്ഥാന വൈദ്യുതി ബോർഡിന്റെ കടം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത തീയതിയിൽ ആർക്കൊക്കെ എന്തു തുക വീതമാണ് വായ്പ തിരിച്ചു കൊടുക്കാനുള്ളത് ;

(സി) ബോർഡ് എടുത്തിട്ടുള്ള വായ്പകൾക്ക് പലിശയിനത്തിൽ പ്രതിവർഷം എന്തു തുക നൽകേണ്ടി വരുന്നുണ്ട് ;

(ഡി) ബോർഡിന് മറ്റു വിധത്തിൽ സാമ്പത്തിക സഹായമോ മറ്റു സഹായമോ നൽകിയതിന്റെ പേരിൽ ഒരു വർഷം എന്ത് പലിശ കൊടുക്കേണ്ടതുണ്ട് ;

(ഇ) വൈദ്യുതി വിറ്റു കിട്ടുന്ന തുകയുടെ എത്ര ശതമാനമാണ് പലിശയിനത്തിൽ കൊടുക്കേണ്ടതായി വരുന്നത് ;

(എഫ്) ബോർഡ് എടുത്തിട്ടുള്ള വായ്പകൾക്ക് ഗവൺമെന്റ് ഗ്യാരന്റി കൊടുത്തിട്ടുണ്ടോ ;

(ജി) എങ്കിൽ ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ ഗവൺമെന്റിന് ഒരുവർഷം എന്തു തുക കൊടുക്കേണ്ടതായിട്ടുണ്ട് ;

(എച്ച്) ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly